**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6148** **09-07-2024 - ൽ മറുപടിയ്ക്ക്**

**കേരള ബാങ്കിന്റെ പ്രവർത്തനങ്ങളുടെ ജനകീയവത്ക്കരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി | | ശ്രീ. വി.എൻ വാസവൻ<br>(തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി) | |
| (എ) | കേരള ബാങ്കിന്റെ പ്രവർത്തനം ജനകീയവത്ക്കരിക്കുന്നതിന് സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ; | (എ) | കേരള ബാങ്കിന്റെ പ്രവർത്തനങ്ങൾ ജനകീയവൽക്കരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ആയതിന്റെ വിവരം ചുവടെ ചേർക്കുന്നു.<br><br>കേരള ബാങ്ക് രൂപീകരണത്തിന് ശേഷം റിസർവ് ബാങ്ക് നിർദ്ദേശിച്ച മാനദണ്ഡങ്ങൾക്കനുസൃതമായി മൂലധന പര്യാപ്തതയുടെ നിലവാരം നിലനിർത്തുന്നതിനായി സർക്കാർ ഓഹരിയായി ധനസഹായം ബാങ്കിന് നൽകിയിട്ടുണ്ട്. നിലവിൽ കേരളബാങ്കിൽ സർക്കാരിന് 42% ഓഹരി വിഹിതമുണ്ട്. കൂടാതെ സർക്കാർ അനുമതിയോടും, റിസർവ് ബാങ്കിന്റെ നിർദ്ദേശങ്ങൾക്കനുസൃതമായും 570 കോടി രൂപ വായ്പാ സംഘങ്ങളിൽ നിന്നും Long Term Subordinated Debt ആയി സമാഹരിക്കുന്നതിന് സാധിച്ചതിലൂടെ ബിസിനസ് വികസന പ്രവർത്തനങ്ങൾ വിപുലീകരിക്കുന്നതിനും ബാങ്കിന് സാധിച്ചു.<br><br>കാർഷിക മേഖലയുടെ ശാക്തീകരണത്തിനായി പ്രാഥമിക സംഘങ്ങൾക്ക് കുറഞ്ഞ പലിശ നിരക്കിൽ വായ്പ നൽകുന്നതിന് സാധിച്ചു. വായ്പാ പദ്ധതികൾ ഏകീകരിക്കുകയും എല്ലാ ജനവിഭാഗങ്ങൾക്കും അനുയോജ്യമായ രീതിയിൽ പുതിയ വായ്പാ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടുണ്ട്. കൂടാതെ കാർഷിക അനുബന്ധ മേഖലകളിലും, കാർഷിക സംസ്കരണ മേഖലയിലും, മൂല്യ വർദ്ധിത ഉൽപ്പന്നങ്ങളുടെ നിർമ്മാണ സംരംഭങ്ങൾക്കും വായ്പാ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുകയും ചെയ്തിട്ടുണ്ട്.<br><br>കേരള ബാങ്കിൽ IT Integration നടപ്പിലാക്കിയത് വഴി ആധുനിക ബാങ്കിംഗ് സേവനങ്ങൾ അംഗങ്ങൾക്കും, ഇടപാടുകാർക്കും നൽകുന്നതിന് സാധിച്ചിട്ടുണ്ട്. സർക്കാരിന്റെ വിവിധ പെൻഷൻ വിഹിതങ്ങൾ |

| | | | |
|---|---|---|---|
| | | | ഇടപാടുകാരുടെ അക്കൗണ്ടിൽ ചേർത്തിരിക്കുന്ന ആധാർ അടിസ്ഥാനപ്പെടുത്തി നൽകുന്നതിന് ഇൻറഗ്രേഷന് ശേഷം ബാങ്കിന് സാധിക്കുന്നുണ്ട്.<br><br>കേരള ബാങ്കിന്റെ സാമ്പത്തികസ്ഥിതി ശക്തമാകയാൽ നബാർഡിൽനിന്നും പുനർവായ്പാ തുക വർദ്ധിപ്പിക്കാൻ കഴിഞ്ഞിട്ടുണ്ട്. അതുവഴി കാർഷിക വായ്പാ തോത് വർദ്ധിപ്പിക്കുന്നതിനും സാധിച്ചിട്ടുണ്ട്. മൈക്രോഫിനാൻസ് രംഗത്തും ഫലപ്രദമായ ഇടപെടൽ സാദ്ധ്യമായിട്ടുണ്ട്.<br><br>മേൽ പ്രവർത്തനങ്ങളിലൂടെ കേരള സംസ്ഥാനത്തിന്റെ സമ്പദ് വ്യവസ്ഥയിൽ കേരള ബാങ്കിന് നല്ല രീതിയിൽ ഇടപെടലുകൾ നടത്തുന്നതിനും, ബാങ്കിന്റെ പ്രവർത്തനങ്ങൾ ജനകീയ വൽക്കരിക്കുന്നതിനും സാധിച്ചിട്ടുണ്ട്. |
| (ബി) | മറ്റ് പുതുതലമുറ ബാങ്ക് പോലെ കേരള ബാങ്കിൽ നിന്ന് ജനങ്ങൾക്ക് ലഭിക്കുന്ന സേവനങ്ങൾ<br>വിശദമാക്കാമോ; | (ബി) | കേരളത്തിലെ ജില്ലാ സഹകരണ ബാങ്കുകളും കേരളാ സംസ്ഥാന സഹകരണ ബാങ്കും സംയോജിപ്പിച്ച് 29.11.2019 ൽ കേരള ബാങ്ക് രൂപീകരിച്ചതിനെ തുടർന്ന് ഒക്ടോബർ 2021 ൽ ബാങ്കിൽ IT ഇന്റഗ്രേഷൻ പ്രവർത്തങ്ങൾ ആരംഭിച്ചു. 14 തരത്തിൽ പ്രവർത്തിച്ചുകൊണ്ടിരുന്ന സംവിധാനങ്ങളെ എകീകൃതമായ ഒറ്റ സംവിധാനമായി മാറ്റുന്ന പ്രക്രിയ 2022 ഡിസംബർ 26-ന് പൂർത്തീകരിക്കുവാൻ സാധിച്ചു. ഇതു വഴി കേരള ബാങ്കിന് നിലവിൽ പുതുതലമുറ ബാങ്കുകൾ നൽകുന്ന എല്ലാ സേവനങ്ങളും നൽകുന്നതിന് സാധിച്ചിട്ടുണ്ട്. അംഗങ്ങൾക്ക്/ഇടപാടുകാർക്ക് ഇന്ത്യയിലെ മറ്റ് ദേശസാൽകൃത ബാങ്കുകൾ നൽകി വരുന്ന എല്ലാവിധ ആധുനിക ബാങ്കിംഗ് സൗകര്യങ്ങളും കുറഞ്ഞ നിരക്കിൽ കരഗതമാകുന്നു.<br><br>RTGS/NEFT, CTS, IMPS, Clearing house, സമ്പൂർണ്ണ CBS സംവിധാനം, UPI സേവനങ്ങൾ എന്നിവയും, പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങൾ ഉൾപ്പെടെയുള്ള സ്ഥാപനങ്ങൾക്ക് ഡിജിറ്റൽ സേവനങ്ങൾ നൽകുന്നതിനായുള്ള KB Prime Plus, വ്യക്തിഗത ഉപഭോക്താക്കൾക്കായി KB Prime തുടങ്ങി 2 പുതിയ മൊബൈൽ ആപ്ലിക്കേഷനുകളും പ്രവർത്തന ക്ഷമമാണ്. KB Prime ആപ്പ് വഴി ഓൺലൈൻ പെയ്മെന്റ്, ഇ കോമേഴ്സ്, ഫണ്ട് ട്രാൻസ്ഫർ തുടങ്ങിയ UPI സൗകര്യങ്ങളും IMPS, NEFT, Bill Payment സേവനങ്ങളും, Google Pay, Phone Pay, Paytm സൗകര്യങ്ങളും ലഭ്യമാണ്. കുറഞ്ഞ പലിശനിരക്കിൽ കൂടുതൽ വായ്പ ലഭിക്കുന്നതിന് സാഹചര്യമുണ്ടാവുകയും, അംഗങ്ങൾക്ക് കൂടുതൽ |

| | | | |
|---|---|---|---|
| | | | വായ്പ നൽകുന്നതിനും അതിലൂടെ ലാഭക്ഷമത വർദ്ധിപ്പിക്കുന്നതിനും കഴിയുന്നു. കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ വിവിധ DBT/EBT ആനുകൂല്യങ്ങൾ ഗ്രാമീണ ഗുണഭോക്താക്കളുടെ അക്കൗണ്ടിലേക്ക് നേരിട്ട് കൈമാറുന്നതിന് സാധിക്കും.<br><br>നിലവിലുള്ള ആധുനിക ബാങ്കിംഗ് സേവനങ്ങൾ എല്ലാ വിഭാഗം ജനങ്ങൾക്കും, എല്ലാ മേഖലകളിലേക്കും വ്യാപിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട് |
| (സി) | സർക്കാർ ജീവനക്കാരുടെ സാലറി അക്കൗണ്ട് ആകർഷിക്കുന്നതിന് എന്തെല്ലാം നടപടികളാണ് കേരള ബാങ്ക് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; | (സി) | ജീവനക്കാരുടെ സാലറി അക്കൗണ്ടുകൾക്കായി പ്രത്യേക നിക്ഷേപ പദ്ധതി ബാങ്ക് ആവിഷ്കരിച്ചിട്ടുണ്ട്. ബാങ്കിന്റെ പ്രവർത്തനം വിപുലീകരിക്കുന്നതിനും കൂടുതൽ ബിസിനസ്സ് സമാഹരിക്കുന്നതിനുമായി ഹെഡ് ഓഫീസ് കേന്ദ്രീകരിച്ച് ഒരു പ്രത്യേക ഡിപ്പാർട്ട്മെന്റിന് രൂപം നൽകിയിട്ടുണ്ട്. സർക്കാർ നിയന്ത്രണ സ്ഥാപനങ്ങളുടെ അക്കൗണ്ടുകൾ ജീവനക്കാരുടെ സാലറി അക്കൗണ്ടുകൾ എന്നിവ ആരംഭിക്കുന്നത് ഈ ഡിപ്പാർട്ട്മെന്റിന്റെ ലക്ഷ്യങ്ങളിൽ ഒന്നാണ്. അതിനായുള്ള പ്രവർത്തനങ്ങൾ ഊർജ്ജിതമാക്കി നടത്തി വരുന്നു. സർക്കാർ ജീവനക്കാരുടെ സാലറി അക്കൗണ്ടുകൾ കേരള ബാങ്ക് അക്കൗണ്ടിലേയ്ക്ക് ട്രാൻസ്ഫർ ചെയ്യുന്നതിനുള്ള സാങ്കേതിക സംവിധാനം പ്രവർത്തനക്ഷമമാക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ച് വരുന്നു. |
| (ഡി) | കേരള ബാങ്കിനെ കുടുതൽ ജനകീയവൽക്കരിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കാമോ? | (ഡി) | കേരള ബാങ്ക് രൂപീകരിച്ചതിന് ശേഷമുള്ള 5 വർഷത്തെ പ്രവർത്തനം കൊണ്ട് ബാങ്കിന് ജനകീയമാവാൻ കഴിഞ്ഞിട്ടുണ്ട്. ബാങ്കിന്റെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ നടപ്പിലാക്കുന്നതിന് സർക്കാരും ബാങ്ക് ഭരണസമിതിയും പ്രവർത്തനം നടത്തി വരുന്നു.<br><br>വിദേശ മലയാളികളുടെ നിക്ഷേപം സമാഹകരിക്കുക എന്നത് ബാങ്കിന്റെ മുഖ്യ ഉദ്ദേശ്യലക്ഷ്യമാണ്. വിദേശനിക്ഷേപം, ഇന്റർനെറ്റ് ബാങ്കിംഗ് എന്നിവയ്ക്കുള്ള അനുമതി ലഭിക്കുന്നതിന് ബാങ്ക് തീവ്ര ശ്രമം നടത്തി വരുന്നു. നിഷ്ക്രിയ ആസ്തി കുറയ്ക്കുന്നതിനുള്ള പദ്ധതി തയ്യാറാക്കി പ്രവർത്തിച്ചു വരുന്നു. Catch the Base കാമ്പയിനിലൂടെ ബാങ്കിന്റെ NPA കുറക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നു. കേരള ബാങ്കിലെ ചെറുകിട വായ്പകൾ settle ചെയ്യുവാൻ OTS സംവിധാനം നിലവിലുണ്ട്.<br><br>യുവജനങ്ങൾ ഉൾപ്പെടെ കൂടുതൽ ജനങ്ങളെ ബാങ്കിലേയ്ക്ക് ആകർഷിക്കുക പ്രധാന ഭാവി പ്രവർത്തനമാണ്. ഇതിനായി എല്ലാ വിഭാഗം കറന്റ്/ സേവിംഗ്സ് അക്കൗണ്ടുകൾക്ക് ബാങ്ക് മിനിമം |

| | | | |
|---|---|---|---|
| | | | ബാലൻസ്/ ത്രൈമാസ ശരാശരി ബാലൻസ് എന്നീ നിബന്ധകൾ പൂർണ്ണമായും ഒഴിവാക്കിയിട്ടുണ്ട്. സ്വകാര്യ ബാങ്കുകൾ ഉയർന്ന ത്രൈമാസ ശരാശരി ബാലൻസ് വ്യവസ്ഥ പാലിക്കുന്നതിൽ വീഴ്ച വരുത്തുമ്പോൾ വലിയ പിഴ ഈടാക്കുന്ന അവസ്ഥയുള്ളപ്പോൾ ഈ ഇനത്തിൽ കേരള ബാങ്ക് യാതൊരു ചാർജ്ജും ഈടാക്കുന്നില്ല. കൂടാതെ വിവിധ സേവനങ്ങൾ ബാങ്ക് സൗജന്യമായോ ഏറ്റവും കുറഞ്ഞ നിരക്കിലോ ആണ് നൽകുന്നത്.<br><br>എല്ലാവിധ ജനവിഭാഗങ്ങൾക്കും സ്വീകര്യമായ കേരളത്തിലെ ഏറ്റവും പ്രധാനപ്പെട്ട ധനകാര്യ സ്ഥാപനമായി കേരള ബാങ്കിനെ മാറ്റുന്നതിനുള്ള പ്രവർത്തനങ്ങൾ തുടരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ